# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1968/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1968/2022 തീയ്യതി: 27/01/2023

## തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-05-2022 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 18-10-2022 | 28-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-10-2022 | 28-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു.ജി.,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. പ്രവീൺ.എൻ.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ.എസ്.ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മിനിമോൾ. എസ്.,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി.ലൈജു. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഓമന ദേവദാസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സീമ.വി. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ജെസ്സ.എസ്. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ശ്യാംജി വോയ്സ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.ഷമ്മി.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.തങ്ക.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി ജ്യോതി ജയറാം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-08-2021 |
| ശ്രീമതി ഷീജ.എസ്.എൽ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-09-2021 | 08-03-2022 |
| ശ്രീമതി ജ്യോതി ജയറാം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 09-03-2022 | 31-03-2022 |
| ശ്രീ. പ്രഭുലാൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീത.ജി.ആർ. | എച്ച്. എം. | 01-04-2021 | 31-03-2022 |
| ശ്രീമതി സുജ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 06-10-2021 |
| ശ്രീമതി ബിന്ദു | അസിസ്റ്റന്റ് എഞ്ചിനീയർ | 07-10-2021 | 28-11-2021 |
| ശ്രീമതി സബീന.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 29-11-2021 | 31-03-2022 |
| ശ്രീ.ജോജോ സേവ്യർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. വേണുഗോപാൽ.കെ.എൽ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമപദ്ധതികൾ | 1-5 |
| 7 | ക്യാഷ് ബാലൻസ് | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 9 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു | 1-10 |
| 12 | അങ്കണവാടികളുടെ പ്രവർത്തനാവലോകനം | 1-11 |
| 13 | അങ്കണവാടികളിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുന്നതിൽ കാലതാമസം | 1-12 |
| 14 | സമഗ്ര കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് നൽകിയ തുക ക്രമീകരിക്കണം | 1-13 |
| 15 | വെള്ളക്കരമിനത്തിൽ വൻ കുടിശ്ശിക. | 1-14 |
| 16 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ ഇൻഡന്റ് നൽകിയതിൽ കാലതാമസം,150000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു | 1-15 |
| 17 | വയോജന സൗഹൃദ പഞ്ചായത്ത് -നടപടികൾ പൂർത്തിയാക്കണം | 1-16 |
| 18 | സ്മാർട്ട് ഗാർബേജ് ആപ്പ് -കൃത്യമായി മോണിറ്റർ ചെയ്യണം | 1-17 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ- പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല. | 1-18 |
| 20 | തുടർ വിദ്യാഭ്യാസ പദ്ധതി- അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-19 |
| 21 | പാഥേയം പദ്ധതി -തുക കൈമാറിയെങ്കിലും പദ്ധതി നടപ്പാക്കില്ല. | 1-20 |
| 22 | വീട്ടുവളപ്പിലെ മത്സ്യകൃഷി - അപാകങ്ങൾ | 1-21 |
| 23 | ഇൻസുലേറ്റഡ് ബോക്സ് വിതരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൂടുതൽ തുകയ്ക്ക് വാങ്ങി നൽകി | 1-22 |
| 24 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-23 |
| 25 | ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-24 |
| 26 | മരാമത്ത് വിഭാഗം- ഭൂരിഭാഗം പ്രോജക്ടുകളും നടപ്പാക്കിയിട്ടില്ല. | 1-25 |

| | | |
|---|---|---|
| 27 | ഓഡിറ്റ് ഇംപാക്ട് - കരാർ ചമയ്ക്കുന്നതിന് കാലതാമസം - 2800/- രൂപ പിഴ ഈടാക്കി ഒടുക്കവരുത്തി | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 18.02.2021 ലെ അടിയന്തിര യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് ഫയൽ, ബജറ്റ് എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പാസാക്കിയ കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രതീക്ഷിത വരവും ചെലവും ചുവടെ ചേർക്കുന്നു.

ആകെ പ്രതീക്ഷിത വരവ് - 13,60,61,006/- രൂപ

ആകെ പ്രതീക്ഷിത ചെലവ് - 13,18,85,800/- രൂപ

2021-22 ലെ പുതുക്കിയ ബജറ്റ് 20.02.2021 ലെ അടിയന്തിര യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

A 1.1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ട താഴെപ്പറയുന്ന പ്രധാന രേഖകളും ലഭ്യമാക്കിയിട്ടില്ല.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

3. 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4. മേൽ വിവരിച്ച മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2021-22സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

5. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

B. ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2516301 | Electricity Line | 25,00,000 | 0 |

| | | | | |
|---|---|---|---|---|
| | | Extension | | |
| 2 | 2501040 | മൃഗസംരക്ഷണം-രോഗനിയന്ത്രണം | 100000 | 0 |
| 3 | 2501011 | Agriculture And Related Sectors-vegetables | 16,00,000 | 0 |
| 4 | 2501013 | Agriculture And Related Sectors-tuber Crops | 4,00,000 | 0 |

C.ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചിട്ടുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501002 | Agriculture And Related Sectors-other Crops | 0 | 2,349,000 |
| 2 | 2501003 | Agriculture Development Programmes | O | 296,000 |
| 3 | 2501051 | Marine - Pisciculture | 0 | 595320 |
| 4 | 2501050 | Brakish Water-Pisciculture | 0 | 80,000 |
| 5 | 2501052 | Inland- Pisciculture | 0 | 163520 |
| 6 | 2512001 | PHC, CHC &Other Hospitals/dispensaries | 0 | 93,250 |

D.ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികം തുക ചെലവ് ചെയ്തിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501039 | Animal Husbandary - Infrastructure | 50000 | 112700 |
| 2 | 2512003 | Health Related Special | 17,00,000 | 3,061,327 |

| | | | | |
|---|---|---|---|---|
| | | Programmes | | |
| 3 | 2513005 | Programms For The Aged | 100000 | 145200 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.21, 29 എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റിൽ വകയിരുത്തുന്ന തുകകൾ മുൻവർഷ കണക്കുകളും പ്രായോഗിക വശങ്ങളും കണക്കിലെടുത്ത് യഥാർത്ഥ കണക്കുകളുമായി ബന്ധപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2022 | 28.05.22 |

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൌണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല

3) ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 3,136,619/- ആണ്. എന്നാൽ 2021-22 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ 310900101- Excess Of Income Over Expenditure എന്ന ഹെഡിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്ന തുക 6,626,168/- രൂപയാണ്.

4) 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 821,253/-രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക ഏതൊക്കെ പ്രോജക്ടുകളുമായി ബന്ധപ്പെട്ടവയാണെന്നും ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണെങ്കിൽ അതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കിയിട്ടില്ല.

5) ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350300101 – Government And Other Dues Payable – Library Cess എന്ന ഹെഡ്ഡിൽ 36,725/- രൂപയും 350300103– Government And Other Dues Payable –Value Added Tax എന്ന ഹെഡ്ഡിൽ 6158/- രൂപയും സർക്കാരിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

6) ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 31,704/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

7. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്നഅഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | കോഡ് | ഇനം | നീക്കിയിരിപ്പ് (2020-21 B18) |
|---|---|---|---|
| 1 | 460500201 | Advance To Implementing Agencies -Deposit With KWA | 12,614,675 |
| 2 | 460500202 | Advance To Implementing Agencies | 2657529 |

| | | | |
|---|---|---|---|
| | | -Deposit With KSEB | |
| 3 | 460500399 | Advance To Other Authorised Agencies | 18048 |
| 4 | 460500499 | Advance To Other Accredited Agencies | 404534 |
| 5 | 460500501 | Advance To Implementing Officers | 407422 |
| 6 | 460509901 | Advance To Others | 3757776 |

8)സ്ഥാപനത്തിന്റെ ആസ്തികളുടെ ഡിപ്രിസിയേഷൻ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. B11, 1-17A എന്നിവയിലെ കണക്കുകളുടെ പരിശോധന സാധ്യമായിട്ടില്ല.

9) 2020-21 സാമ്പത്തിക വർഷത്തെ B-7, 2021-22 വർഷത്തെ RP-34(വരവ്), RP-34(ചെലവ്), നീക്കിയിരിപ്പ് (B7) എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് (RP-34) | ചെലവ്(RP-34) | നീക്കിയിരിപ്പ് |
|---|---|---|---|---|
| Contractors EMD | 17500 | 0 | 0 | 17500 |
| Suppliers EMD | 0 | 12500 | 2500 | 10000 |
| Bidders EMD | 22750 | 0 | 0 | 22750 |
| Contractors Retention | 8648 | 0 | 0 | 8648 |
| Auction Deposit | 11600 | 0 | 0 | 11600 |
| Election Deposit | 58500 | 0 | 6000 | 52500 |

മേൽ പട്ടികപ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. എന്നാൽ ഡെപ്പോസിറ്റുകൾ പരിശോധിച്ച് കാലഹരണപ്പെട്ടവയുടെ വിവരവും ആയതിൻമേൽ സ്വീകരിച്ച തുടർനടപടിയും സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

10) വാർഷിക ധനകാര്യപത്രികപ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് ഉപയോഗിച്ച് 358,392/- രൂപ ആസ്തി രൂപീകരണത്തിനായി ചെലവഴിച്ചതായി കാണുന്നു. പ്രസ്തുത ഫണ്ട് ഏതൊക്കെ പ്രവൃത്തികൾക്കായി ഉപയോഗിച്ചുവെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ട് | RP7 | I 6 | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് നോൺറോഡ് | 7,779,338 | 7,420,946 | 358,392 |

11) സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല

12) പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 52,231/-രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 47,231/- രൂപയുമാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

13) അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ AFS RP -40(a), RP-40(b)

എന്നിവ പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അക്കൌണ്ടുകൾ കഴിഞ്ഞ 2വർഷമായി ട്രാൻസാക്ഷൻസ് ഇല്ലാതെ നിഷ്ക്രിയാവസ്ഥയിൽ തുടരുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| Code | Head Of Account | Closing Balance |
|---|---|---|
| 450230101 | DCB Own Fund | 0 |
| 450250101 | VPFA I | 0 |
| 450250110 | Treasury TSB Account No.4 | 0 |
| 450430101 | DCB Saksharatha | 0 |
| 450450102 | Treasury Special Funds 2 | 0 |
| 450450104 | Treasury Special Funds 4 | 0 |
| 450650101 | VPFA – II | 0 |
| 450650102 | VPFA – III | 0 |
| 450650103 | VPFA – IV | 0 |
| 450650104 | VPFA – V | 0 |
| 450650105 | VPFA – III -4 | 0 |
| 450650106 | VPFA – III – 5 | 0 |
| 450650109 | Treasury Special TSB – Joint Venture | 0 |

പ്രസ്തുത അക്കൌണ്ടുകൾ എന്ത് ആവശ്യത്തിനുവേണ്ടി തുടങ്ങിയതാണെന്നും ആയത് നിഷ്ക്രിയാവസ്ഥയിൽ തുടർന്നു വരുന്നതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല

14) 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് RP 40(b) പ്രകാരം HDFC 15th FINANCE COMMISSION 89192 എന്ന അക്കൌണ്ടിൽ 2600376/- രൂപ നീക്കിരിപ്പുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ RP 40(A) , 2020-21 സാമ്പത്തിക വർഷത്തെ RP 40(b) എന്നിവയിൽ പ്രസ്തുത അക്കൌണ്ടിന്റെ വിശദാംശം ഉൾപ്പെടുത്തിയില്ല.

15).

| | |
|---|---|
| പ്രോജക്ട് നം | 130/21-22 |
| പ്രോജക്ടിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ |
| ബിൽ നം | 360/19.03.22 |
| തുക | Rs.531991/- |

പ്രസ്തുത പ്രോജക്ടിന് ACR പ്രകാരം 531991/-രൂപ ചെലവ് വന്നിട്ടുണ്ട് . എന്നാൽ സുലേഖ ചെലവ് പത്രികയിൽ 252808/- രൂപയുടെ ചെലവ് മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് കൃത്യമായ മറുപടി നൽകേണ്ടതും അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് തുക | ആകെ | ചെലവ് തുക | ലാപ്സ് ആയ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20777882 | 20777882 | 20931583 | -153701 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3495666 | 3495666 | 3143308 | 352358 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്(സി.എഫ്.സി ടൈഡ്) | 0 | 12970000 | 12970000 | 10570000 | 2400000 |
| വികസന ഫണ്ട്(സി.എഫ്.സി അൺടൈഡ്) | 0 | 6295862 | 6295862 | 5878958 | 416904 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 8182343 | 8182343 | 7779338 | 403005 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 7163800 | 7163800 | 1836383 | 5327417 |

വികസന ഫണ്ട് ജനറൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

1. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2021-22വർഷത്തെ ACR, AFS, Grant Statement എന്നിവ പ്രകാരമുള്ള ചെലവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

1.

| Fund/Grant | ACR പ്രകാരമുള്ള ചെലവ് | AFS പ്രകാരമുള്ള ചെലവ് | Grant Statement പ്രകാരമുള്ള ചെലവ് |
|---|---|---|---|
| Development Fund - General | 20758328 | 19957708 | 20931583 |
| Development Fund- Special Component Plan | 3113974 | 3113974 | 3143308 |
| Development Fund- CFC Tied Grant | 10570000 | 2022065 | 10570000 |
| Development Fund- CFC Untied Grant | 5878958 | 6970000 | 5878958 |
| Maintenance Fund-Road Assets | 2632931 | 1836383 | 1836383 |
| Maintenance Fund-Non Road Assets | 8109280 | 7779338 | 7779338 |

2. B4 ഷെഡ്യൂളിൽ പഞ്ചായത്തിന്റെ വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു .

വിശദാംശം ചുവടെ :-

| ക്രമ നം. | കോഡ് നം. | ഇനം | B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100115 | CPS- Total Sanitation Campaign | 2,808,144 |
| 2 | 320100121 | CPS- ICDS | 1,940,656 |
| 3 | 320200104 | Development Fund – CFC Grant | 1,291,725 |
| 4 | 320200302 | Grants,Funds & Contributions For Specific Purposes-Other Than Development Fund And State Sponsore | 467050 |
| 5 | 320200322 | Grants From Suchithwa Mission | 969,304 |
| 6 | 320200323 | Grant For Keralolsavam | 20,000 |
| 7 | 320200399 | Grants,Funds & Contributions For Specific Purposes-Other Than Development Fund And State Sponsore | 563299 |
| 8 | 320300103 | Grants,Funds & Contributions For Specific Purposes-Other Government Agencies -Total Sanitation | 7236 |
| 9 | 320300199 | Grants,Funds & Contributions For Specific Purposes-Other Government Agencies | 100000 |
| 10 | 320500101 | Grants,Funds & Contributions For Specific Purposes-Welfare Bodies -Capital | 14247 |

| | | | |
|---|---|---|---|
| 11 | 320700204 | Contributions For Joint Venture Projects(for Revenue Expenditure)-from Block Panchayats | 1204484 |
| 12 | 320700205 | Contributions For Joint Venture Projects(for Revenue Expenditure)-from District Panchayats | 13841 |
| 13 | 350200301 | Recoveries Payable - COVID | 100162 |

ക്രമ നം 1,3,4,5,6,7,8,9,10,11,12,14 എന്നീ ഹെഡുകളിൽ 20-21 വർഷത്തെയും 2021-22 വർഷത്തെയും എ.എഫ്.എസ് -ലെ ബി 4 ഷെഡ്യൂൾ പ്രകാരം ഒരേ തുകയാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത്.

മേൽ പട്ടികയിലെ തുകകൾ ക്രഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിവരം, പ്രസ്തുതഫണ്ടുകൾ ഏത് വർഷത്തെ ഏതൊക്കെ പദ്ധതികളുമായി ബന്ധപ്പെട്ടതാണെന്നവിവരം, പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനുള്ള വിശദീകരണം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

2021-22 ൽ ഗ്രാമ പഞ്ചായത്തിൽ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | തുക | | |
|---|---|---|---|---|---|---|---|---|
| | | ആകെ | നടപ്പാക്കിയത് | നടപ്പാക്കാത്തവ | ശതമാനം | അടങ്കൽ | ചെലവ് | ശതമാനം |
| 1 | കൃഷി ഓഫീസർ | 10 | 10 | - | 100 | 2901200 | 2901200 | 100 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | - | 100 | 1967379 | 1022912 | 52 |
| 3 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി | 3 | 3 | - | 100 | 1813500 | 1652135 | 89 |
| 4 | മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | - | 100 | 270000 | 269645 | 100 |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | - | 100 | 740000 | 739780 | 100 |
| 6 | വി.ഇ.ഒ. | 15 | 12 | 3 | 80 | 18656000 | 9699161 | 52 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 2 | 75 | 3868800 | 3097947 | 80 |
| 8 | സെക്രട്ടറി | 49 | 43 | 6 | 88 | 30240744 | 27825113 | 92 |
| 9 | എച്ച്.എം. | 5 | 4 | 1 | 80 | 834250 | 283557 | 34 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 27 | 9 | 18 | 33 | 13595192 | 2898699 | 21 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | - | 100 | 411582 | 340000 | 83 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 2 | 2 | 50 | 487968 | 199918 | 41 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 9* | 8 | 1 | 89 | 3878411 | 2318614 | 60 |
| ആകെ | | 143 | 110 | 33 | 77 | 79665026 | 53248681 | 67 |

* സുലേഖ ചെലവു പത്രികയിൽ ആകെ 8 പ്രോജക്ടുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

77% പദ്ധതികൾ നടപ്പാക്കിയെങ്കിലും പദ്ധതി അടങ്കൽ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ പദ്ധതി ചെലവ് 67% മാത്രമാണ്. കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി., ഹോമിയോ, ആയുർവേദം,

ഡയറി ഫാം ഇൻസ്പക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22200 | 13 |
| കർഷകതൊഴിലാളി പെൻഷൻ | 80000 | 5 |
| വിധവ പെൻഷൻ | 12620100 | 862 |
| വാർദ്ധക്യകാലപെൻഷൻ | 26208700 | 1844 |
| വികലാംഗപെൻഷൻ | 5533500 | 350 |
| വിവാഹധനസഹായം | 150000 | 5 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 483900 | 30 |

## 1-6 ക്യാഷ് ബാലൻസ്

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.2022 തീയതിയിൽ 10.45AM സമയത്ത് ഉത്തരവാദത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്. റിവ്യൂ മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

2)ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. ILGMS ഏർപ്പെടുത്തിയ ശേഷം ഫ്രണ്ട് ഓഫീസിൽ തിരക്ക് അനുഭവപ്പെടുന്നില്ല എന്നും ടോക്കൺ വിതരണത്തിന് ആവശ്യമായ മുന്നൊരുക്കങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്.

3) പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4) വാങ്ങൽ പ്രക്രിയയിൽ പ്രോക്യൂർമെന്റ് കമ്മിറ്റി സജീവ ഇടപെടൽ നടത്തിയിട്ടുണ്ട്.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

6)ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 02.07.09 ലെ സ.ഉ.(കൈ)നം.123/2009തസ്വഭവ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7) ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കി തുടർനടപടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

8) എല്ലാ നിർവ്വഹണോദ്യോഗസ്ഥരും TR7A മാതൃകയിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

10)ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1013 | 1071275 | 1072288 | 1071754 | 534 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | - | 27632613.015 | 27632613.015 | 27632613.015 | - |
| ആകെ | | | 28704901.015 | 28704367.015 | 534 |

1. തൊഴിലുറപ്പു പദ്ധതി വിശദാംശങ്ങൾ

2021- 2022 സാമ്പത്തികവർഷത്തെ MGNREGA – യുടെ പ്രവർത്തനത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/27.10.2022-ന ലഭ്യമാക്കിയ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2021-22 സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | കുടുംബം-3850<br>അംഗങ്ങൾ- 5426 |
| 2021-22 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | കുടുംബം-1636<br>തൊഴിലാളികൾ-1974 |
| 2021-22 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | കുടുംബം-1636<br>തൊഴിലാളികൾ-1974 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 1215 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 219 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 172 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 167 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 14 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1121 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 150 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 104 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 62 % |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 89977 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | 0 |
| ആസ്തിരജിസ്റ്റർ | ഉണ്ട് |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.02.2021 | 2021-22 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 2008-09 മുതൽ 2012-13 വരെ | 09.10.2018 |

## 1-10 റേഷൻകടകൾ ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഒരു റേഷൻകട മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട്ട നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നത് തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും അറിയാൻ കഴിഞ്ഞു. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ റേഷൻകടകൾ തൊഴിൽ നികുതി അടവാക്കാത്ത പക്ഷം താലൂക്ക് സപ്ലൈ ആഫീസറെ അറിയിച്ച് പ്രസ്തുത നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. തനത് ഫണ്ടിന്റെ വർദ്ധനവിനായി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസും, തൊഴിൽ നികുതിയും യഥാസമയം പിരിച്ചെടുക്കേണ്ടതാണ്.

## 1-11 അങ്കണവാടികളുടെ പ്രവർത്തനാവലോകനം

പഞ്ചായത്ത് പരിധിയിൽ ആകെ 24 അങ്കണവാടികളാണുള്ളത്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഉള്ളവ | 10 |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ(വാടക നൽകേണ്ടാത്തത്) | 7 |
| 3 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 7 |
| 4 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 5 | ചുറ്റുമതിൽ (പൂർണ്ണമായി) ഇല്ലാത്തവ | 10 |
| 6 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 24 |
| 7 | റോഡിന് സമീപത്ത് അല്ലാത്തവ | 8 |
| 8 | കളിസ്ഥലം ഇല്ലാത്തവ | 6 |
| 9 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - |
| 10 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 5 |
| 11 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 21 |
| 12 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 17 |
| 13 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 21 |

| | | |
|---|---|---|
| 14 | വൈദ്യുതി ഇല്ലാത്തവ | - |
| 15 | Baby Weighing Machine/salter Scale/ Platform Weighing Scale ഇല്ലാത്തവ | - |
| 16 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 24 |
| 17 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 24 |
| 18 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | - |
| 19 | ക്ലോക്ക് & ഫയൽ റാക്ക് ഇല്ലാത്തവ | 24 |
| | ബെൽ, ഫോൺ, ഫാൻ ഇല്ലാത്തവ | - |
| 20 | പാചകവാതക സൗകര്യം ഇല്ലാത്തവ | - |
| 21 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - |
| 22 | ആവശ്യത്തിന കളിക്കോപ്പുകൾ ഇല്ലാത്തവ (Indoor) | - |
| | Outdoor | 24 |
| 23 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | - |
| 24 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - |
| 25 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - |
| 26 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - |
| 27 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 24 |
| 28 | പരാതിപ്പെട്ടി ഇല്ലാത്തവ | 24 |

അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16,18) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്തല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ അങ്കണവാടികളിലും നിലവിൽ അങ്കണവാടി ലെവൽ മോണിട്ടറിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അങ്കണവാടിയുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും ആയതിന്റെ മിനിട്ട്സ് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. അങ്കണവാടികളിലെ ജലസംഭരണികൾ എ.എൽ.എം.എസ്.സി പ്രവർത്തകരുടെ സഹായത്തോടെ വൃത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചു. Monthly Progress Report എല്ലാ മാസവും അവസാനത്തെ പ്രവൃത്തി ദിവസം ശേഖരിക്കുകയും ഐ.സി.ഡി.എസ് പ്രോജക്ട് തലത്തിൽ ക്രോഡീകരിച്ച് ജില്ലാതല പ്രോഗ്രാം ഓഫീസർക്ക് Online ആയി സമർപ്പിക്കുകയും Annual Progress Report പഞ്ചായത്ത് തലത്തിൽ മാർച്ച് മാസം തയ്യാറാക്കി ഓൺലൈനായി പ്രോഗ്രാം ഓഫീസിൽ സമർപ്പിക്കാറുള്ളതായും അറിയിച്ചിട്ടുണ്ട്.

## 1-12 അങ്കണവാടികളിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിക്കുന്നതിൽ കാലതാമസം

ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമസഭാ അംഗങ്ങളെ ഉൾപ്പെടുത്തി നിരീക്ഷണകമ്മിറ്റി രൂപീകരിച്ചിട്ടില്ല. പ്രസ്തുത കമ്മിറ്റി രൂപീകരിച്ച തരുന്നതിന വേണ്ടി പഞ്ചായത്തി കമ്മിറ്റിക്ക് 'സകർമ്മ' മുഖേന അപേക്ഷ നൽകിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 16-ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-13 സമഗ്ര കുടിവെള്ള പദ്ധതിക്കായി വാട്ടർ അതോറിറ്റിക്ക് നൽകിയ തുക ക്രമീകരിക്കണം

| പദ്ധതിയുടെ പേര് | സമഗ്ര കുടിവെള്ള പദ്ധതി | സമഗ്ര കുടിവെള്ള പദ്ധതി | സമഗ്ര കുടിവെള്ള പദ്ധതി |
|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 90/22 | 93/22 | 128/22 |
| അടങ്കൽ | 30,00,000 (ധനകാര്യകമ്മീഷൻ | 20,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | 40,00,000 (ധനകാര്യകമ്മീഷൻ |

| | | | |
|---|---|---|---|
| | ഗ്രാന്റ്) | | ഗ്രാന്റ്) |
| ചെലവ് | 30,00,000 | 16,19,000 | 40,00,000 |
| ബിൽ നം | 234/13.1.22 | 398/20.3.21, 413/21.3.22, 414/31.322 | 232/13.1.22 |

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സമഗ്ര കുടിവെള്ള പദ്ധതി എന്ന പേരിൽ 5,73,58,000/-രൂപ അടങ്കലായുള്ള ഒരു പദ്ധതിയുടെ രൂപരേഖ പഞ്ചായത്ത് തയ്യാറാക്കുകയും വാട്ടർ അതോറിറ്റിക്ക് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. 2021-22 വർഷം മൂന്ന് പദ്ധതികളിലായി 86,19,000/- രൂപ ഇതിനായി വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. എന്നാൽ നിലവിൽ സമഗ്ര കുടിവെള്ള പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുന്നത് ജലജീവൻ മിഷനാണ്. പഞ്ചായത്തിൽ നിന്നും വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ നാളിതുവരെയുള്ള വിനിയോഗവിവരവും പദ്ധതിയുടെ നിലവിലെ അവസ്ഥയും വിശദമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം -10 തീയതി 21.10.22 നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ വാട്ടർഅതോറിറ്റിക്ക് നൽകിയ തുക ഉപയോഗിച്ച് 800000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിന്റെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വാട്ടർഅതോറിറ്റിയിൽ നിക്ഷേപിച്ച തുക തിരികെ വാങ്ങുന്നതിനോ അല്ലെങ്കിൽ കുടിവെള്ള ടാങ്കിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനോ ഉള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വെള്ളക്കരമിനത്തിൽ വൻ കുടിശ്ശിക.

| പദ്ധതിയുടെ പേര് | വെള്ളക്കരം കുടിശ്ശിക അടച്ചുതീർക്കൽ | വെള്ളക്കരം കുടിശ്ശിക അടച്ചുതീർക്കൽ | വെള്ളക്കരം കുടിശ്ശിക അടച്ചുതീർക്കൽ | വെള്ളക്കരം കുടിശ്ശിക അടച്ചുതീർക്കൽ | വെള്ളക്കരം കുടിശ്ശിക അടച്ചുതീർക്കൽ |
|---|---|---|---|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 38/22 | 92/22 | 124/22 | 153/22 | 169/22 |
| അടങ്കൽ | 2,74,6300 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 4,01,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2,38,322 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 6,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 20,95,774 (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 2,74,6300 | 4,00,000 | 2,38,322 | 6,00,000 | 20,95,774 |
| ബിൽ നം | 77/25.921, 4/28.4.21, 5/28.4.21, 3/28.4.21 | 89/12.10.21 | 78/29.9.21 | 196/28.12.21 | 275/15.2.22, 355/14.3.22 |

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ കുടിവെള്ളക്കരം അടവാക്കുന്നതിനായി 2021-22 വർഷം 5 പദ്ധതികൾ രൂപീകരിക്കുകയും ആകെ 60,80,396/- രൂപ വാട്ടർ അതോറിറ്റിയിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് (273ടാപ്പുകൾ) അനുസൃതമായാണ് വാട്ടർ അതോറിറ്റിയിൽ നിന്നും ഡിമാന്റ് വരുന്നത്. ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയ പൈപ്പുകളിൽ കേടായ പൈപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ, ഒരോ മാസത്തിലും പിഴ പലിശ ഇനത്തിൽ തുക അടവാക്കുന്നുണ്ടോ, പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കണ്ടുപിടിക്കുന്നതിനായി പഞ്ചായത്തും വാട്ടർ അതോറിറ്റിയും സംയുക്തമായി പരിശോധന നടത്തിയിട്ടുണ്ടോ മുതലായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറി നം -12 തീയതി 21.10.2022 മറുപടിയായി 2022 ജൂൺ മാസം മുതൽ 253 എണ്ണമായി പുനർനിർണ്ണയിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

2022ജൂൺ മാസം വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ ബില്ലിലും വൻതുക കുടിശ്ശിക രേഖപ്പെടുത്തിയിരിക്കുന്നു. 2022ജൂൺ മാസത്തെ ബിൽ വിവരം ചുവടെ ചേർക്കുന്നു.

Closing Balance-8,40,204

Fine-16,530

Demand For The Month-1,22,030

Total-9,78,764/-

മുൻ വർഷങ്ങളിലെ വെള്ളക്കരം അടവാക്കലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും കൃത്യമായ കുടിശ്ശിക തുകയുടെ കണക്ക് ഹാജരാക്കേണ്ടതും വളരെ വലിയ തുകകൾ അടവാക്കുന്നുണ്ടെങ്കിലും വീണ്ടും വലിയ തുക കുടിശ്ശിക വരുന്നതിന്റെ കാരണം വാട്ടർ അതോറിറ്റയുമായി ബന്ധപ്പെട്ട് കൃത്യമായ കണക്കുകൾ ലഭ്യമാക്കി പരിശോധിക്കേണ്ടതും കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ ഇൻഡന്റ് നൽകിയതിൽ കാലതാമസം,150000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ട് നമ്പർ | 68/22 |
| അടങ്കൽ | 150000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 150000/- |
| ബിൽ നം | 69/17.9.21 |

ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുതിനായി ഹോംകോയ്ക്ക് 150000/- രൂപ 17.9.21 ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. 17.9.21ന് ഹോംകോയ്ക്ക് തുക നൽകിയെങ്കിലും മരുന്നുകളുടെ ഇൻഡന്റ് നൽകിയിരിക്കുന്നത് 31.3.22ന് മാത്രമാണ്. ഓഡിറ്റ് എൻക്വയറി നം -14 തീയതി 21.10.22 നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക നൽകി 6 മാസം കഴിഞ്ഞ് മാത്രമാണ് ആവശ്യമായ മരുന്നുകളുടെ വിവരം നൽകിയത്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടുമില്ല. ആയതിനാൽ 150000/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ മരുന്നുകളുടെ വിവരം യഥാസമയം നൽകാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതും ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കിയും വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വയോജന സൗഹൃദ പഞ്ചായത്ത് -നടപടികൾ പൂർത്തിയാക്കണം

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് വയോജന സൗഹൃദ പഞ്ചായത്തായി 31.3.22ന് ഔപചാരികമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ആശാവർക്കർമാർ നടത്തിയ സർവേ പ്രകാരം പഞ്ചായത്തിൽ 1700 മുതിർന്ന പൗരൻമാർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

പഞ്ചായത്തിലും അനുബന്ധ സ്ഥാപനങ്ങളിലും മുതിർന്ന പൗരൻമാർക്കായി പ്രത്യേക കൗണ്ടർ ഏർപ്പെടുത്തുക, വിവിധ ഓഫീസുകളിലെ സേവനങ്ങൾ വീടുകളിൽ ലഭ്യമാക്കുക, പകൽവീട് നിർമ്മിച്ച് മാനസികോല്ലാസത്തിനായി പരിപാടികൾ സംഘടിപ്പിക്കുക മുതലായവയായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറി നം -28 തീയതി 27.10.2022.ന് മറുപടിയായി വയോജനങ്ങൾക്ക് മുൻഗണനയും വാതിൽപ്പടിസേവനവും നൽകിവരുന്നതായി അറിയിച്ചിട്ടുണ്ട്. പകൽവീട് പദ്ധതി കൂടി നടപ്പിലാക്കി വയോജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കി പൂർണ്ണമായും വയോജന സൗഹൃദ പഞ്ചായത്ത് ആയി മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 സ്മാർട്ട് ഗാർബേജ് ആപ്പ് -കൃത്യമായി മോണിറ്റർ ചെയ്യണം

| | |
|---|---|
| പദ്ധതിയുടെ പേര് | സ്മാർട്ട് ഗാർബേജ് ആപ്പ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 150/22 |
| അടങ്കൽ | 204900(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 142900 |
| ബിൽ നം | 399/24.3.22 |

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി കെൽട്രോണുമായി 14.3.22ന് കരാറിൽ ഏർപ്പെടുകയും തുക നൽകുകയും ചെയ്തിട്ടുണ്ട്.പദ്ധതിയുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന പ്രവർത്തകർക്ക് കപ്പാസിറ്റി

ബിൽഡിംഗ് ട്രെയിനിംഗ് നൽകിയതിന്റെ വിവരം, പദ്ധതിയുടെ നിലവിലെ അവസ്ഥ എന്നിവ വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം -11തീയതി 21.10.2022.ന് മറുപടിയായി പ്രവർത്തകർക്ക് പരിശീലനം നൽകിയതായി അറിയിച്ചിട്ടുണ്ട്. വീടുകളിൽ ക്യു.ആർ കോഡ് പതിപ്പിക്കുന്ന ജോലി പൂർത്തിയാക്കി സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം വിജയകരമായി നടപ്പിലാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ- പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| 135/22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ | 74250 | 73974 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ 15 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ജി.ഒ. (എം.എസ്.)നം.22/2018 /ത.സ്വ.ഭ.വ തീ.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ നേരത്തെ ഫർണ്ണിച്ചർ ലഭിച്ചിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയത് സംബന്ധിച്ച സാക്ഷ്യ പത്രം അപേക്ഷകരിൽ നിന്ന് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.06/19.10.2022) ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷയുടെ രണ്ടാം പേജിൽ രക്ഷിതാവിൽ നിന്നും ഇതേ ആനുകൂല്യം ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് സ്വീകരിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എഴുതി വാങ്ങിയിട്ടുണ്ട് എന്നും ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർക്ക് സമാന പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റ് അയച്ചുതരാൻ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികളുടെ നിർവ്വഹണത്തിൽ ഇപ്രകാരമുള്ള ന്യൂനത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 തുടർ വിദ്യാഭ്യാസ പദ്ധതി- അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ്

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | നിർവ്വഹണം |
|---|---|---|---|---|
| 53/22 | തുടർ വിദ്യാഭ്യാസം | 50000 | 49600 | ഹെഡ്മാസ്റ്റർ |

മേൽ പദ്ധതി പ്രകാരം പത്താം തരം തുല്യതാ പഠനത്തിന് 16 വിദ്യാർത്ഥികൾക്ക് 29600 ( 16*1850) രൂപയും പതിനൊന്നാം തരം തുല്യതാ പഠനത്തിന് 8 പേർക്ക് 20000/- ( 8*2500) രൂപയുമായി ആകെ 49600/- രൂപ സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികളുടെ അറ്റൻഡൻസ് രജിസ്റ്റർ, ഹാൾ ടിക്കറ്റ് , പരീക്ഷ റിസൾട്ട് സംബന്ധിച്ച വിവരങ്ങൾ എന്നിവ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 06/19.10.2022) പ്രസ്തുത രേഖകൾ ഹാജരാക്കുന്നതിന് സാക്ഷരതാ പ്രേരകിന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥയായ എച്ച്. എം. അറിയിച്ചു. പ്രസ്തുത രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 പാഥേയം പദ്ധതി -തുക കൈമാറിയെങ്കിലും പദ്ധതി നടപ്പാക്കില്ല.

| പ്രോജക്ട് | അടങ്കൽ തുക | ബിൽ നം, തീയതി | ചെലവ് തുക |
|---|---|---|---|
| പാഥേയം(57/21-22) | 363000<br>(വികസന ഫണ്ട്- പൊതുവിഭാഗം- 145200, ജില്ലാ പഞ്ചായത്ത് വിഹിതം -217800) | 179/13.12.21 | 1145200 |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതി പ്രകാരം അഗതികളും 60 വയസ്സിന് മുകളിലുള്ളവരും ഒരു

നേരത്തെ ആഹാരം പോലും ലഭ്യമാകാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം 2021 ആഗസ്റ്റ 1 മുതൽ ഡിസംബർ 31 വരെ 75 പേർക്ക് കുടുംബശ്രീ വഴി ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായ 1145200/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്തിൽ നിന്നുള്ള പ്രസ്തുത പ്രോജക്ടിന്റെ വിനിയോഗസാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നം.19/22.10.2022) ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷം 42 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നും തൻവർഷം 75 ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകാരത്തിനായി ജില്ലാ കുടുംബശ്രീ ജില്ലാ മിഷനിലേയ്ക്കും നൽകിയിരുന്നുവെങ്കിലും അംഗീകാരം ലഭ്യമായില്ല എന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. കൂടാതെ പദ്ധതി നടപ്പാക്കുന്നതിനായി കുടുംബശ്രീ ME യൂണിറ്റുകളേയും ജനകീയ ഹോട്ടൽ നടത്തുന്ന യൂണിറ്റുകളെയും വിളിച്ചുവരുത്തി ആവശ്യം അറിയിച്ചെങ്കിലും ആരും നടത്തിപ്പിനായി മുന്നോട്ട് വന്നിട്ടില്ല എന്നും അറിയിച്ചു. ആയതിനാൽ പാഥേയം പദ്ധതിയ്ക്കായി കുടുംബശ്രീ യൂണിറ്റിൽ ലഭ്യമായിട്ടുള്ള തുക തിരികെ ഒടുക്കുവരുത്തുന്നതിന് CDS കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതുമാണ് എന്നും അറിയിച്ചു.

പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കുടുംബശ്രീ അക്കൗണ്ടിൽ ലഭ്യമായ ഗ്രാമ പഞ്ചായത്ത് വിഹിതമായ 1145200/- രൂപ പദ്ധതി നടപ്പാക്കാത്തതിനാൽ അടിയന്തിരമായി തിരികെ ഒടുക്കു വരുത്തേണ്ടതാണ്.

## 1-21 വീട്ടുവളപ്പിലെ മത്സ്യകൃഷി - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0054/22 |
| പ്രോജക്ട് പേര് | സുഭിക്ഷ കേരളം- വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി |
| അടങ്കൽ തുക | 615000/- (വിക.ഫണ്ട് - 164000/-, സംസ്ഥാനാവിഷ്കൃത ഫണ്ട്- 82000/- , മറ്റുള്ളവ- 369000/-) |
| ബിൽ നമ്പർ | 355/16.3.22 - 130840/-,<br>399/ 23.3.22 - 32680/- |

പ്രസ്തുത പ്രോജക്ട് പ്രകാരം 5 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രാജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിഹിതം ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അപേക്ഷയിൽ ഫീൽഡ് പരിശോധനാ റിപ്പോർട്ട് കൺവീനർ / ചെയർമാൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) 14.2.2018 ലെ സ.ഉ(കൈ)നം.22/2018/തസ്വഭവ സബ്സിഡി മാർഗരേഖയിൽ മത്സ്യകഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്യൂറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 05/19/10/22) ലഭ്യമാക്കിയ മറുപടിയിൽ ഫിഷറീസ് വകുപ്പിൽ നിന്നുള്ള വിഹിതം ലഭിച്ചതിന്റെ രേഖകൾ മത്സ്യഭവൻ ചിറയിൻകീഴ് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതിനാലാണ് ഹാജരാക്കാത്തതെന്നും, മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്ന നിർദ്ദേശം ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിരുന്നില്ല എന്നുമാണ് ഫിഷറീസ് ഓഫീസർ അറിയിച്ചത്. ഭാവിയിൽ പദ്ധതികളുടെ നിർവ്വഹണത്തിൽ ഇപ്രകാരമുള്ള ന്യൂനതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഇൻസുലേറ്റഡ് ബോക്സ് വിതരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കൂടുതൽ തുകയ്ക്ക് വാങ്ങി നൽകി

1)

| | |
|---|---|
| പ്രോജക്ട് | വനിതകൾക്ക് ഇൻസുലേറ്റഡ് ബോക്സ് (156/21-22) |

| | |
|---|---|
| അടങ്കൽ തുക | 464640/- (232320- ഉ.വി., 232320- വി.ഫ.സാധാരണവിഹിതം) |
| ചെലവ് തുക | 464640/- |
| ബിൽ നമ്പർ, തീയതി | 334/11.03.2022 |
| നിർവ്വഹണം | ഫിഷറീസ് ഓഫീസർ |

2)

| | |
|---|---|
| പ്രോജക്ട് | ഇൻസുലേറ്റഡ് ബോക്സ് - ജനറൽ (167/21-22) |
| അടങ്കൽ തുക | 726000/- (363000- ഉ.വി., 363000- വി.ഫ.സാധാരണവിഹിതം) |
| ചെലവ് തുക | 726000/- |
| ബിൽ നമ്പർ, തീയതി | 344/11.03.2022 |

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന രജിസ്റ്റേർഡ് മത്സ്യ തൊഴിലാളി/ തൊഴിലാളികൾക്ക് ( വനിത & ജനറൽ) വ്യാസാ സ്റ്റോറിൽ നിന്നും 50% സബ്സിഡിയിൽ ഇൻസുലേറ്റഡ് ബോക്സ് വാങ്ങി നൽകുന്ന പദ്ധതിയായിരുന്നു ക്രമ നമ്പർ 1, 2 പ്രകാരം നടപ്പിലാക്കിയത്. ക്രമ നം 1 പ്രകാരം 128 പേർക്കും ക്രമ നം 2 പ്രകാരം 200 പേർക്കുമായി ആകെ 328 ഇൻസുലേറ്റഡ് ബോക്സ് വാങ്ങി നൽകിയിട്ടുണ്ട്. ആകെ ഗ്രാമ പഞ്ചായത്ത് വിഹിതമായി 595230/- ( 232320+363000 ) രൂപ വ്യാസാ സ്റ്റോറിന് നൽകിയിട്ടുണ്ട്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ യൂണിറ്റ് കോസ്റ്റ് ആയി 3630/- രൂപ ചെലവഴിച്ചിട്ടുണ്ട് (1815/- രൂപ ഗുണഭോക്തൃവിഹിതവും 1815/- രൂപ സബ്സിഡി തുകയും). എന്നാൽ സർക്കാർ ഉത്തരവ് (കൈ.) നം 22/2018/ തസ്വഭവ തീയതി 14.02.2018 പ്രകാരം ഐസ് ബോക്സിന്റെ പരമാവധി യൂണിറ്റ് കോസ്റ്റ് 3000/- രൂപയും സബ്സിഡി തുക 1500/- രൂപയുമാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (27/27.10.2022) ലഭ്യമാക്കിയ മറുപടിയിൽ യുണിറ്റ് കോസ്റ്റ് 3000/- രൂപയായി നിശ്ചയിച്ചിരുന്നുവെങ്കിലും മത്സ്യഫെഡ് വ്യാസാ സ്റ്റോറിലെ വില 3630/- രൂപയാണെന്നും അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 07.02.2022 ലെ 1(8) കമ്മിറ്റി തീരുമാന പ്രകാരമാണ് വാങ്ങിയതെന്നും ഫിഷറീസ് ഓഫീസർ അറിയിച്ചു. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് കാരണം 103320/-രൂപ വികസനഫണ്ടിൽ നിന്നും നഷ്ടമായി. ആയതിനാൽ പ്രസ്തുത പദ്ധതി പ്രകാരം അധിക തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ - 22/28.10.2022 ) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ അടിയന്തിരമായി കാലികമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കി അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതാണ്.

## 1-24 ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ കാലികമാക്കേണ്ടതാണ്

അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിലെ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകളുടെ വിവരവും തുടർ നടപടി വിവരവും രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല. 2019-20 വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 32/28.10.2022) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ അടിയന്തിരമായി കാലികമാക്കി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് നൽകിയിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

## 1-25 മരാമത്ത് വിഭാഗം- ഭൂരിഭാഗം പ്രോജക്ടുകളും നടപ്പാക്കിയിട്ടില്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം 27 പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിരുന്നെങ്കിലും 9 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. 18 പ്രോജക്ടുകൾ നടപ്പാക്കിയിരുന്നില്ല. അതിൽ 8 എണ്ണം മാത്രമാണ് മരാമത്ത് സംബന്ധമായ പ്രവൃത്തികൾ. ഒരു പ്രവൃത്തി എ.ഇ. ഓഫീസിന്റെ അനിവാര്യ ചെലവുകൾ സംബന്ധിച്ച നാമമാത്രമായ തുകയുടേതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/ 18.10.2022) ലഭ്യമാക്കിയ മറുപടിയിൽ 6 പ്രവൃത്തികൾ ടെണ്ടർ/ക്വട്ടേഷൻ വിളിച്ചിട്ടും ആരും എടുത്തിട്ടില്ല എന്നും 9 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി എന്നും പ്രവൃത്തി നടക്കുന്ന സ്ഥലത്തെ സംബന്ധിച്ച തർക്കങ്ങൾ കാരണം മറ്റ് പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞില്ല എന്നുമാണ് അറിയിച്ചത്.

പ്രസ്തുത മറുപടി അംഗീകരിക്കാൻ കഴിയുകയില്ല. ഭാവിയിൽ അംഗീകാരം ലഭ്യമാകുന്ന പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

## 1-27 ഓഡിറ്റ് ഇംപാക്ട് - കരാർ ചമയ്ക്കുന്നതിന് കാലതാമസം - 2800/- രൂപ പിഴ ഈടാക്കി ഒടുക്കുവരുത്തി

കേരളാ പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2009.6 പ്രകാരം കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസത്തിനകം കരാറുകാരൻ തദ്ദേശ സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസത്തിനു ശേഷം 10 ദിവസത്തിനകം കരാർ ചമച്ചാൽ PAC യുടെ 1% പിഴ ഈടാക്കണം. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായ വരുത്തിയ കരാറുകാരനിൽ നിന്നും 1% പിഴ ഈടാക്കിയിരുന്നില്ല.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര്, കരാറുകാരൻ | അടങ്കൽ തുക , പി.എ.സി. | സെലക്ഷൻ നോട്ടീസ് തീയതി | കരാർ നംപർ, തീയതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|
| 24/21-22 | എണ്ണക്കിടങ്ങ് റോഡ് അറ്റകുറ്റപ്പണി, ശ്രീ. അശോകൻ. | 2,70,594 | 05.10.21 | 7/AE/LSGD /AGP/21-22 Dt. 25.10.2021 | 2,706/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി (നം.08/21.10.2022 ) നൽകിയതിനെത്തുടർന്ന് 26.10.2022 ലെ രസീത് നമ്പർ 1220100639/G010301 പ്രകാരം 2,800/-രൂപ ഗ്രാമ പഞ്ചായത്ത ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 163875 | സ്നേഹസ്പർശം | 163875 | |

| | | | | |
|---|---|---|---|---|
| | 40000 | ക്ഷീര സമൃദ്ധി | 40000 | 0 |
| ആകെ | | | 203875 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 163875 | സ്നേഹസ്പർശം | 163875 | 0 |
| | 160000 | ന്യൂ ലൈഫ് ലക്ഷം വീട് കോളനി നവീകരണം(SO) | 120000 | |
| ആകെ | | | 283,875 | |

| വിഹിതം നൽകിയ സ്ഥാപനം | 2020-21 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2021-22 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 13841 | 94000 | 107841 | 203875 | -96034 | 13841 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1204484 | 303875 | 1508359 | 283875 | 1,224,484 | 1,224,484 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 266,050 | 2391479 | 2657529 | 2391479 | 266050 | 2,657,529 |
| കെ.ഡബ്ല്യൂ.എ | 1,025,675 | 11589000 | 12614675 | 11317940 | 1296735 | 12,614,675 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2021-22 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | G.O.(Ms)68/2018 തീയതി 18.03.18 | 3334163 | 2366163 | 484000 | 1882163 |

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 57,40,609 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,24,01,298 |
| ആകെ | 7,81,41,907 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,33,63,063 |
| നീക്കിയിരിപ്പ് | 47,78,844 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,50,000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,50,000 | ഡോ.തങ്ക.ആർ, മെഡിക്കൽ ഓഫീസർ |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.തങ്ക.ആർ മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ | അർത്ഥം, വലിയകട, ചിറയിൻകീഴ് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ |
|---|---|---|
| 2007-08 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 1 (3-11) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 3 (3-6, 3-8, 3-9) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 2 (3-2, 3-5) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 3 (2-2, 3-1, 3-4) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 3 (2-4, 3-6, 3-12) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി. 10/1676/2022 തീയതി 17.10.2022 | 2 (2-2, 3-3) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1676/2022 തീയതി 17.10.2022 | 1 (3-1) |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1676/2022 തീയതി 17.10.2022 | 7 (3-1, 3-34, 3-5, 3-7, 3-8, 3-9, 3-10) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/2556/2018 തീയതി 05.02.2019 | 33 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/491/2020 തീയതി 19.05.2020 | 37 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/1471/2021 തീയതി 28.10.2021 | 50 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി 8/859/2022 തീയതി 29.06.2022 | 41 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്